**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5603** **16-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെ കെടുകാര്യസ്ഥത, അഴിമതി, ജനങ്ങൾക്കുള്ള സേവനം സമയബന്ധിതമായി നൽകാതിരിക്കൽ തുടങ്ങിയവ സംബന്ധിച്ച് ലഭിച്ച പരാതികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇത്തരം പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഓരോ വകുപ്പിലും എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (എ) | അഴിമതി രഹിതവും സുതാര്യവും ജനസൗഹാർദ്ദപരവുമാക്കുന്നതിന് സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം എല്ലാ വകുപ്പുകളിലും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി വിവിധ വകുപ്പുകളിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. ജോലിയിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ സർവ്വീസ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്ന തിനായി വിജിലൻസ് വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ മിക്കസർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2016 മുതൽ അഴിമതിയുമായി ബന്ധപ്പെട്ട് 2019 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 7 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അഴിമതിക്ക് കൂട്ടുനിൽക്കുകയും കൈക്കൂലി വാങ്ങുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവരെ സർവീസിൽ നിന്ന് പുറത്താക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | അഴിമതി രഹിതവും സുതാര്യവും ജനസൗഹാർദ്ദപരവുമാക്കുന്നതിന് സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം എല്ലാ വകുപ്പുകളിലും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി വിവിധ വകുപ്പുകളിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. ജോലിയിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ സർവ്വീസ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്ന തിനായി വിജിലൻസ് വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ മിക്കസർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2016 മുതൽ അഴിമതിയുമായി ബന്ധപ്പെട്ട് 2019 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 7 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സംസ്ഥാന സർക്കാർ/പൊതുമേഖല ജീവനക്കാരെ ഇത്തരത്തിൽ പിരിച്ചുവിട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (സി) | അഴിമതി രഹിതവും സുതാര്യവും ജനസൗഹാർദ്ദപരവുമാക്കുന്നതിന് സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം എല്ലാ വകുപ്പുകളിലും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായി വിവിധ വകുപ്പുകളിൽ സേവനാവകാശ നിയമം |

| | | | |
|---|---|---|---|
| | | | നടപ്പാക്കിയിട്ടുണ്ട്. ജോലിയിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ സർവ്വീസ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്ന തിനായി വിജിലൻസ് വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ മിക്കസർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2016 മുതൽ അഴിമതിയുമായി ബന്ധപ്പെട്ട് 2019 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 7 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ